പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2498 — 18..7..2011 ൽ ഭാഗികമായി മറുപടി നൽകിയത്

## സി-ഡിറ്റിലെ താൽക്കാലിക ജീവനക്കാരെ റഗുലറൈസ് ചെയ്യാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വർക്കല കഹാർ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ സ്വയംഭരണ സ്ഥാപനമായ സിഡിറ്റിൽ മുൻ സർക്കാരിന്റെ കാലത്ത് 29-9-08 ലെ ജി.ഒ. (ആർ.റ്റി) നം. 222/08/ഐ&പി.ആർ.ഡി നമ്പർ ഉത്തരവു പ്രകാരം ജീവനക്കാരെ റഗുലറൈസ് ചെയ്യാൻ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) | 29-3-2000 ലെ 7-ാമത് ഗവേണിംഗ് ബോഡി (7.6.5) തീരുമാനപ്രകാരം 54 കരാർ ജീവനക്കാരെയും 14 ദിവസവേതന ജീവനക്കാരെയും സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. അതിൽ 2008 ൽ ഉണ്ടായിരുന്ന 55 ജീവനക്കാർക്ക് ജി.ഒ. (ആർ.റ്റി) 196/08/ഐ&പി.ആർ.ഡി തീയതി 18-8-08, ജി.ഒ. (ആർ.റ്റി) 222/08/ഐ&പി.ആർ.ഡി തീയതി 29-9-08 എന്നീ ഉത്തരവുകൾ പ്രകാരം സ്ഥിരനിയമനം നൽകുക യുണ്ടായി. |
| ബി) | സർക്കാരിന്റെ 27-3-08 ലെ 30190/ഇ1/07/ഐ&പി.ആർ.ഡി നമ്പർ കത്ത് മുഖേന സിഡിറ്റിൽ ജോലി നോക്കി വന്നിരുന്ന മറ്റ് താൽക്കാലിക ജീവനക്കാരുടെവിവരങ്ങൾ ആരാഞ്ഞിരുന്നോ; എങ്കിൽ ഇപ്രകാരം ലഭിച്ച ലിസ്റ്റ് പ്രകാരം മറ്റ് താൽക്കാലിക ജീവനക്കാരെ റഗുലറൈസ് ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | ബി) | വിവരം ആരാഞ്ഞിരുന്നു. സിഡിറ്റിൽ നാളിതുവരെ 62 പേർക്ക് മാത്രമേ സ്ഥിരനിയമനം നൽകിയിട്ടുള്ളൂ. അവിടെ വർഷങ്ങളായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവർക്ക് സ്ഥിരനിയമനം നൽകുന്ന കാര്യം പരിശോധിച്ചിട്ടില്ല. |
| സി) | മുൻ സർക്കാരിന്റെ കാലത്ത് 8-2-11 ലെ ജി.ഒ.(എം.എസ്) 2/2011/ഐ&പി.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ഏഴ് ജീവനക്കാർക്ക് മാത്രം റഗുലറൈസേഷൻ നൽകിയതിന്റെ മാനദണ്ഡം വിശദമാക്കുമോ; | സി) | സിഡിറ്റിൽ10വർഷമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 7 ജീവനക്കാരെ സർക്കാർ തീരുമാനത്തിന്റെഅടിസ്ഥാനത്തിലാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |
| ഡി) | സിഡിറ്റിൽ 2001 മുതൽ 2008 വരെ നിയമനം ലഭിച്ച എത്ര കരാർ/ദിവസ വേതന ജീവനക്കാർ നിലവിൽ ജോലിനോക്കി വരുന്നുണ്ട്. ഇവരുടെ പേരും ജോലിയിൽ പ്രവേശിച്ച വർഷവും വിശദമാക്കുമോ; | ഡി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| ഇ) | പ്രസ്തുത ജീവനക്കാരെ റഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | ഇ) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ